**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1998** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഹാർബർ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഹാർബർ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മത്സ്യ സംഭരണവും, ലേലവും, വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനുമായി സ്ഥലം എം.എൽ.എ-യെ ഉൾപ്പെടുത്തി ജില്ല കളക്ടർ ചെയർപേഴ്സണായും , ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മെമ്പർ സെക്രട്ടറിയായും, ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപികരിച്ച് പ്രവർത്തിച്ച് വരുന്നു. ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനു ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മീറ്റിംഗുകൾ കൂടുകയും ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതുൾപ്പടെയുള്ള കാര്യങ്ങൾക്കായി എസ്.ആർ.ഒ നം.738/2025 ആയി 2025 ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ ഭരണ ചുമതലകളും മറ്റു കർത്തവ്യങ്ങളും അത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർപേഴ്സണായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറേയും സെക്രട്ടറിയായി മത്സ്യഫെഡ് ജില്ലാ മാനേജരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായും ഹാർബറുകളിൽ മത്സ്യത്തിന്റെ അടിസ്ഥാന വില നിശ്ചയിക്കുകയും ആവശ്യമായ സാഹചര്യത്തിൽ വില പുതുക്കുകയും ചെയ്യുക, മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും, ഐസ് പ്ലാന്റ്, |

| | | | |
|---|---|---|---|
| | | | ചിൽഡ് സ്റ്റോറേജ്, സംസ്കരണ കേന്ദ്രം തുടങ്ങിയവയ്ക്കുള്ള അനുമതി നൽകേണ്ടതും ഹാർബർ മാനേജ്മെന്റ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ടതാണ്. ഹാർബർ മാനേജ്മെൻറ് സൊസൈറ്റിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരം ഉണ്ട്. ആക്ട് പ്രകാരം സർക്കാർ വിജ്ഞാപനത്തിലൂടെ നിശ്ചയിക്കുന്ന യൂസർ ഫീസ്, ലേല കമ്മീഷൻ വിഹിതം എന്നിവ ഹാർബറിന്റെ വികസനത്തിനും, നടത്തിപ്പിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി ചെലവഴിക്കാവുന്നതാണ്. ലേലക്കാരനിൽ നിന്നും ഈടാക്കുന്ന ലേലത്തകയുടെ 5 ശതമാനത്തിൽ കവിയാത്ത തുക ലേല കമ്മീഷൻ ആയി ഹാർബർ മാനേജ്മന്റ് സൊസൈറ്റിയുടെ മെമ്പർ സെക്രട്ടറി യുടെയും അസിസ്റ്റന്റ് മെമ്പർ സെക്രട്ടറി യുടെയും ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. ലേല കമ്മീഷൻ തുകയുടെ 20% തുകയും ഈടാക്കുന്ന യൂസർഫീസിന്റെ 50% തുകയും ഹാർബറിന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഹാർബറിൽ മത്സ്യം ലേലം ചെയ്യുന്നതിനുള്ള അനുമതി പത്രത്തിനായി 2500/- രൂപയും മൂന്നു വർഷ കാലയളവിലേക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റായി 10000/-രൂപയും (refundable) നൽകേണ്ടതാണ്. മേൽ പ്രതിപാദിച്ചിട്ടുള്ള തുക വിനിയോഗിച്ചുകൊണ്ടും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാരങ്ങൾ പ്രയോജനപ്പെടുത്തികൊണ്ടും ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്. |
| (സി) | എല്ലാ ഹാർബറുകളിലും കുടിവെള്ളവും ശുചിത്വവും ഉറപ്പാക്കുവാൻ പ്രസ്തുത കമ്മിറ്റികൾ മുഖേന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ